ഡയറി പ്രൊമോട്ടർ നിയമനം

കൊല്ലം: ക്ഷീര വികസന വകുപ്പിന്റെ തീറ്റപ്പുൽക്യഷി വികസന പദ്ധതിയിലേക്ക് ഡയറി പ്രൊമോട്ടർമാരെ താത്കാലിക അടിസ്ഥാനത്തിൽ നിയമിക്കും. യോഗ്യത: എസ്എസ്എൽസി. പ്രായപരിധി: 2026 ജനുവരി ഒന്നിന് 18-45 വയസ്. മുൻ പ്രവ്യത്തിപരിചയമുള്ളവർക്ക് അഞ്ച് വർഷത്തെ വയസിളവ് അനുവദനീയം. കമ്പ്യൂട്ടർ പരിജ്ഞാനമുള്ളവർക്ക് മുൻഗണന. പ്രതിമാസം 8,000 രൂപ ഇൻസെന്റീവ് ലഭിക്കും. താമസിക്കുന്ന അതത് ക്ഷീരവികസനയൂണിറ്റുകളിലേക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്. പാസ്‌പോർട്ട് സൈസ് ഫോട്ടോ സഹിതമുള്ള അപേക്ഷ സെപ്റ്റംബർ അഞ്ച് വൈകിട്ട് മൂന്നിനകം ക്ഷീരവികസന യൂണിറ്റുകളിൽ ലഭിക്കണം. സെപ്റ്റംബർ 11 ന് രാവിലെ 10 മുതൽ ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ അഭിമുഖം നടത്തും. വിവരങ്ങൾക്ക്: അതത് ക്ഷീരവികസന യൂണിറ്റ്. 0474 2748098.

പാചകവാതക അദാലത്ത്

കൊല്ലം: ജില്ലയിലെ ഗാർഹിക പാചകവാതക ഉപഭോക്താക്കളുടെ പരാതി പരിഹരിക്കുന്നതിനായി 8ന് ഉച്ചയ്ക്ക് 2.30ന് ജില്ലാ കലക്ടറുടെ അധ്യക്ഷതയിൽ കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ പാചകവാതക അദാലത്ത് നടത്തും. ഓയിൽ കമ്പനി പ്രതിനിധികൾ, പാചകവാതക വിതരണ ഏജൻസി പ്രതിനിധികൾ, പൊതുവിതരണ വകുപ്പ് ഉദ്യോഗസ്ഥർ, ഉപഭോക്തൃ സംഘടനാ പ്രതിനിധികൾ എന്നിവർ പങ്കെടുക്കും. 5ന് വൈകിട്ട് 5 വരെ പൊതുജനങ്ങൾക്ക് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർമാർക്ക് പരാതി നൽകാമെന്ന് ജില്ലാ കലക്ടർ അറിയിച്ചു. 0474 2794818.

താൽകാലിക നിയമനം

കൊല്ലം: കുണ്ടറ ഐഎച്ച്ആർഡിയുടെ കോളേജ് ഓഫ് അപ്ലൈഡ് സയൻസിൽ താൽകാലിക അടിസ്ഥാനത്തിൽ കമ്പ്യൂട്ടർ സയൻസ് വിഷയത്തിൽ ഗസ്റ്റ് ലക്ചറർമാരെ നിയമിക്കും. യോഗ്യത: കമ്പ്യൂട്ടർ സയൻസ് അഥവാ കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ ഫസ്റ്റ് ക്ലാസ്സ് ബിരുദാനന്തര ബിരുദവും നെറ്റും. യോഗ്യത തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളുമായി 7ന് രാവിലെ 10ന് കോളജിൽ എത്തണം. ഫോൺ: 0474-2580866, 8547005066.

മിലാദ് ഫെസ്റ്റ്

പുനലൂർ: കാര്യറ മുസ്ലിം ജമാഅത്തിൽ മിലാദ് ഫെസ്റ്റും പ്രതിഭകള ആദരിക്കലും നടത്തി. ജമാഅത്തിന്റെ മൂന്ന് മസ്ജിദുകളിലും പരിപാടി നടത്തി. സമാപന സമ്മേളനം ജമാഅത്ത് ചീഫ് ഇയ്യാം സെനുലാബ്ദീൻ റഷാദി ഉദ്ഘാടനം ചെയ്തു. ജമാഅത്ത് പ്രസിഡന്റ് ബി. എസ്. കെ. സജീവ് അധ്യക്ഷത വഹിച്ചു.

സ്പോട്ട് അഡ്മിഷൻ

കൊല്ലം: കെൽട്രോണിൽ ലോജിസ്റ്റിക്സ്, ഡിസിഎ, ഫയർ ആന്റ് സേഫ്റ്റി, മോണ്ടിസോറി, അക്കൗണ്ടിങ്, പൈതൺ, ഗ്രാഫിക്സ് ഡിസൈനിങ്, വേഡ് പ്രോസസിങ് ആന്റ് ഡേറ്റാ എൻട്രി തുടങ്ങി വിവിധ തൊഴിലധിഷ്ഠിത കോഴ്സുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തും. വിവരങ്ങൾക്ക്: ഹെഡ് ഓഫ് സെന്റർ, കെൽട്രോൺ നോളജ് സെന്റർ, കടയ്ക്കൽ, കൊല്ലം ഫോൺ: 8714388321.

വാഹനം ആവശ്യമുണ്ട്

കൊല്ലം: മുഖത്തല ശിശുവികസന ഓഫീസിലേക്ക് കരാറടിസ്ഥാനത്തിൽ വാഹനം (കാർ/ജീപ്പ്) വാടകയ്ക്ക് നൽകുന്നതിന് ടെൻഡർ ക്ഷണിച്ചു. സെപ്റ്റംബർ 16 ഉച്ചയ്ക്ക് രണ്ട് വരെ സ്വീകരിക്കും. ഫോൺ: 0474 2504411, 9447341593.

പനച്ചമൂട് മാർക്കറ്റിലെ കെട്ടിട നിർമാണം ഒച്ചിഴയും വേഗത്തിൽ

5 വർഷമായിട്ടും നിർമാണം പൂർത്തായാകുന്നില്ലെന്ന് ആരോപണം

പനച്ചമൂട് മാർക്കറ്റിനുള്ളിൽ 5 വർഷമായി നിർമിക്കുന്ന പണിതീരാ കെട്ടിടം.

വെള്ളറട: പനച്ചമൂട് പബ്ലിക് മാർക്കറ്റിനുള്ളിൽ 7 കോടി രൂപയോളം മുതൽ മുടക്കി ആരംഭിച്ച കെട്ടിട നിർമാണ പ്രവർത്തനങ്ങൾ ഒച്ചിഴയും വേഗത്തിലെന്ന് ആരോപണം. 18 മാസം കൊണ്ട് നിർമാണം പൂർത്തിയാക്കുമെന്ന കരാർ വസ്ഥയിലാണ് കെട്ടിട പണികൾ ആരംഭിച്ചത്. എന്നാൽ ഇപ്പോൾ വർഷം 5 ആയിട്ടും കെട്ടിട നിർമ്മാണം പൂർത്തിയാകുന്നില്ല. മാർക്കറ്റിനുള്ളിൽ 90 ശതമാനം ഭാഗത്തോളം കെട്ടിട നിർമാണവും അനുബന്ധ പണികളും നടക്കുന്നതു കാരണം മത്സ്യവ്യാപാരം പൂർണമായും റോഡിലേക്ക് മാറ്റേണ്ടിവന്നു. റോഡിൽ വലിയ പാരിസ്ഥിതിക പ്രശ്നങ്ങളാണ് ഇത് കാരണം ഉണ്ടാക്കുന്നത്. നടുറോഡിൽ വാഹനങ്ങൾ നിർത്തി മത്സ്യങ്ങൾ കയറ്റുകയും ഇറക്കുകയും ചെയ്യുന്നതും മത്സ്യത്തിൽ നിന്നും പുറത്തു വരുന്ന മലിന ജലം റോഡിൽ ഒഴുകി പ്രദേശത്തെ വ്യാപാര സ്ഥാപനങ്ങൾക്ക് തുറന്നു പ്രവർത്തിക്കാൻ കഴിയുന്നുമില്ല. വ്യാപാര സ്ഥാപനങ്ങൾക്ക് മുന്നിൽ മാലിന്യം ഒഴുകിയെത്തുന്നതിനെ ചൊല്ലിയുള്ള കയ്യാങ്കളിയും ഇവിടെ പതിവാണ്. പ്രധാന റോഡിലുള്ള വാഹന ഗതാഗതത്തെ തടസപ്പെടുത്തുന്നതും പതിവായി. ഇതിനെതിരെ നിരവധി പ്രതിഷേധ പരിപാടികളാണ് പ്രദേശത്തെ വ്യാപാരികളും മത്സ്യത്തൊഴിലാളികളും അടക്കം പഞ്ചായത്ത് പടിക്കൽ ധർണ നടത്തിയെങ്കിലും ഇപ്പോഴും നിർമ്മാണ പ്രവർത്തനങ്ങൾ മന്ദഗതിയിൽ തന്നെയാണ് നടക്കുന്നത്. ഒന്നോ രണ്ടോ തൊഴിലാളികളെ വെച്ചാണ് ദിനവും പ്രവർത്തികൾ നടത്തുന്നത്. ആവശ്യത്തിന് തൊഴിലാളികളെ ഉപയോഗിച്ച് വേഗത്തിൽ പണി പൂർത്തിയാക്കി മത്സ്യം കയറ്റുന്നതിനും ഇറക്കുന്നതിനും ലേലം വിളിക്കുന്നതിനുമുള്ള സംവിധാനം പനച്ചമൂട് മാർക്കറ്റിൽ ക്രമീകരിച്ചിരുന്നുവെങ്കിൽ പ്രദേശത്തെ ഇപ്പോഴുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ ഒഴിവാക്കാൻ കഴിയുമായിരുന്നു. ഇതിന് സർക്കാർ അടിയന്തരമായി ഇടപെടൽ നടത്തണമെന്ന ആവശ്യവുമായി വ്യാപാരികളും നാട്ടുകാരും രംഗത്തെത്തിയിരുന്നു.

കമുകുംചേരിയിൽ തെരുവുനായ് ശല്യം രൂക്ഷം

പുനലൂർ: കമുകുംചേരിയിലും പരിസര പ്രദേശങ്ങളിലും തെരുവു നായ ശല്യം രൂക്ഷമായി പരാതിപ്പെട്ടിട്ടും അധികൃതർ നടപടിയെടുക്കുന്നില്ലെന്ന് ആക്ഷപമുയരുന്നു. കമുകുംചേരി എൽപിഎസ്, ന്യൂ എൽപിഎസ്, ഗവ. യുപിഎസ്, കമുകുംചേരി തിരുവിളങ്ങോനപ്പൻ ക്ഷേത്രത്തപരിസരം തുടങ്ങിയ മേഖലകളിലും ചിറ്റാശേരി ജംഗ്ഷനിലുമടക്കം തെരുവുനായ്ക്കൾ പെരുകുകയാണ്. രാത്രിയിൽ മറ്റു സ്ഥലങ്ങളിൽ നിന്ന് തെരുവനായ്ക്കളെ കമുകുംചേരിയിലും പരിസരപ്രദേശങ്ങളിലും വാഹനങ്ങളിൽ കൊണ്ടുവന്ന് ഇറക്കിവിടുന്നതായി നാട്ടുകാർ പറയുന്നു. കല്ലടയാറിന്റെ ഇരുകരകളിലും പിറവന്തൂർ, തലവൂർ പഞ്ചായത്തുകളിലുമായി വ്യാപിച്ചുകിടക്കുന്ന പ്രദേശങ്ങളിലാണ് തെരുവുനായ്ക്കൾ രൂക്ഷമായത്. ചിറ്റാശേരി, കമുകുംചേരി പ്രദേശങ്ങളാണ് ഇവ കൂട്ടമായി എത്തുന്നത്. തെരുവുനായ ശല്യത്തിനു ഇരുപഞ്ചായത്തുകളും നടപടിയെടുത്തില്ലെങ്കിൽ സമരമാരംഭിക്കാനാണ് നാട്ടുകാരുടെയും വിവിധ രാഷ്ട്രീയ സംഘടനകളുടേയും തീരുമാനം.

ഡിവൈഎഫ്ഐ നേതാവിന് നേരെ വധഭീഷണി; കാപ്പ കേസ് പ്രതിക്കായി തിരച്ചിൽ

വെഞ്ഞാറമൂട്: ഡിവൈഎഫ്ഐ നെല്ലനാട് മേഖല സെക്രട്ടറിയെയും സംഘത്തെയും വാഹനം തടഞ്ഞുനിർത്തി വധഭീഷണി മുഴക്കിയ കാപ്പ കേസ് പ്രതിക്കായി പോലീസ് അന്വേഷണം ഊർജ്ജിതമാക്കി. പൊതിച്ചോറ് ശേഖരണത്തിന് ശേഷം മടങ്ങുകയായിരുന്ന ഡിവൈഎഫ്ഐ നേതാക്കൾ സഞ്ചരിച്ച കാർ തടഞ്ഞുനിർത്തിയാണ് പ്രതി ഭീകരാന്തരീക്ഷം സൃഷ്ടിച്ചത്.വെഞ്ഞാറമൂട് കൈത സ്വദേശിയായ ബിജു എന്ന 'കൈത ബിജു'വിനെ തിരെയാണ് വെഞ്ഞാറമൂട് പൊലീസ് കേസെടുത്തിരിക്കുന്നത്. തിങ്കളാഴ്ച രാവിലെ 9.45-ഓടെ അമ്പലമുക്ക് ജംഗ്ഷനിൽ വച്ചായിരുന്നു സംഭവം. ഡിവൈഎഫ്ഐ നെല്ലനാട് മേഖല സെക്രട്ടറി അരുൺ അജയൻ, മേഖല ട്രഷറർ അനന്തു സുരേഷ് എന്നിവർ കോട്ടുകുന്നത്ത് നിന്ന് പൊതിച്ചോറ് ശേഖരിച്ച് നെല്ലനാട് ഭാഗത്തേക്ക് കാറിൽ പോകുകയായിരുന്നു. ഈ സമയം ബൈക്കിലെത്തിയ കൈത ബിജു, കാറിന് കുറുകെ ബൈക്ക് വെച്ച് യാത്ര തടസ്സപ്പെടുത്തുകയും വാഹനത്തിന് ചുറ്റും വട്ടം ചുറ്റി ഭീകരാന്തരീക്ഷം സൃഷ്ടിക്കുകയുമായിരുന്നു. തുടർന്ന് നേതാക്കൾക്ക് നേരെ കേട്ടാലറയ്ക്കുന്ന അസഭ്യവർഷം നടത്തുകയും കൊലപ്പെടുത്തുമെന്ന് പരസ്യമായി ഭീഷണിപ്പെടുത്തുകയും ചെയ്തു.പ്രതിയുടെ ഭീഷണി തുടർന്നതോടെ കാറിലുണ്ടായിരുന്ന ഡിവൈഎഫ്ഐ പ്രവർത്തകർ മൊബൈൽ ഫോണിൽ ദൃശ്യങ്ങൾ പകർത്തി. ഇതോടെ ഇയാൾ ബൈക്കിൽ സംഭവസ്ഥലത്തുനിന്ന് കടന്നുകളയുകയായിരുന്നു. കൈത ബിജു നിലവിൽ ഒരു വധശ്രമ ക്കേസിൽ ജില്ലാ കോടതിയിൽ നിന്ന് ജാമ്യത്തിൽ കഴിയവേയാണ് വീണ്ടും അക്രമത്തിന് മുതിർന്നത്. സംഭവത്തെ തുടർന്ന് ഡിവൈഎഫ്ഐ ഭാരവാഹികൾ വെഞ്ഞാറമൂട് പോലീസിൽ പരാതി നൽകി.

ടെക്നോസിറ്റിയിൽ 100 കോടിയുടെ സെമികണ്ടക്ടർ-സയൻസ് ടെക്നോളജി പാർക്ക്

തിരുവനന്തപുരം: കേരളത്തെ അറിവ്, സാങ്കേതികവിദ്യ, നൂതനത്വം എന്നിവയിൽ അധിഷ്ഠിതമായ സമ്പദ്വ്യവസ്ഥയായി ശക്തിപ്പെടുത്തുന്നതിനുള്ള നിർണായക ചുവടുവയ്പായി തിരുവനന്തപുരത്തെ ടെക്നോസിറ്റിയിൽ സെമികണ്ടക്ടർ ശേഷി വികസന പാർക്കും സയൻസ്-ടെക്നോളജി അനുഭവ പാർക്കും സ്ഥാപിക്കാൻ പദ്ധതി. ഏകദേശം 10 ഏക്കർ സ്ഥലത്ത് 100 കോടി നിക്ഷേപത്തോടെ വികസിപ്പിക്കുന്ന പദ്ധതി ഐഐഐടിഎംകെ കേരളവുമായി സഹകരിച്ച് എക്സ്ട്ര ജി ക്ലബ് പ്രൈവറ്റ് ലിമിറ്റഡ് നടപ്പാക്കും. ഇന്ന് ഐടി-വ്യവസായ മന്ത്രി കുഞ്ഞാലിക്കുട്ടിയുടെ സാന്നിധ്യത്തിൽ നടക്കുന്ന എംഒയു കൈമാറ്റ ചടങ്ങ് പദ്ധതിയുടെ വികസനത്തിലെ പ്രധാന നാഴികക്കല്ലാകും.

തോമസ് കോച്ചേരി റിസോഴ്സ് സെന്റർ സംഘടിപ്പിച്ച കുട്ടികളുടെ അവധിക്കാല ക്യാംപ്.

കുട്ടികളുടെ അവധിക്കാല ക്യാംപ് സമാപിച്ചു

പാറശ്ശാല: വേനലവധിയുടെ വിരസത മാറ്റിവെച്ച് അറിവിന്റെയും സർഗ്ഗാത്മകതയുടെയും വസന്തമൊരുക്കി തോമസ് കോച്ചേരി റിസോഴ്സ് സെന്റർ (ടികെആർസി) സംഘടിപ്പിച്ച കുട്ടികളുടെ അവധിക്കാല ക്യാംപിന് അവിസ്മരണീയമായ സമാപനം.

കുട്ടികളുടെ കളിയാരവങ്ങളും ജിജ്ഞാസ സൗഹൃദത്തിന്റെ വലിയ സന്ദേശം പകർന്നു നൽകിയുമാണ് ഈ പഠനകളരിക്ക് തിരശ്ശീല വീണത്.കുട്ടികളിലെ സുഷുപ്തമായിരിക്കുന്ന കഴിവുകളെ തൊട്ടുണർത്താനും, പ്രകൃതിയോടും സഹജീവികളോടും താദാത്മ്യം പ്രാപിക്കുന്ന സഹോദര്യബോധം വളർത്താനുമാണ് ക്യാംപ് ലക്ഷ്യമിട്ടത്. പുസ്തകത്താളുകൾക്കപ്പുറം തങ്ങൾ ജീവിക്കുന്ന മണ്ണിലെ ഭൂപ്രകൃതിയെയും കടലറിവിനേയും കുറിച്ചുള്ള ആഴത്തിലുള്ള ബോധവൽക്കരണം കുരുന്നുകളിൽ ജിജ്ഞാസയുണർത്തി.

പരമ്പരാഗത ബോധനരീതികൾക്ക് പകരം നാടൻ പാട്ടുകളിലൂടെയും കളികളിലൂടെയും സർഗ്ഗാത്മക പ്രവർത്തനങ്ങളിലൂടെയും അറിവുകൾ പകർന്നു നൽകിയത് കുട്ടികൾക്ക് പുതിയൊരു അനുഭവമായി.വൈവിധ്യമാർന്ന വിഷയങ്ങളിൽ പ്രഗത്ഭർ നയിച്ച സെഷനുകൾ ക്യാംപ്ന് മാറ്റുകൂട്ടി. 'കടലറിവുകൾ' എന്ന വിഷയത്തിൽ വിപിൻ ദാസും 'ഇംഗ്ലീഷ് ഭാഷാ വൈദഗ്ധ്യം' എന്ന വിഷയത്തിൽ മേരി ഹിൽഡയും, അടിയന്തര ഘട്ടങ്ങളെ ധീരമായി നേരിടാനുള്ള 'ആത്മരക്ഷാ പരിശീലനം (സെൽഫ് ഡിഫൻസ്)' എന്ന വിഷയത്തിൽ എബിൻ രാജ് എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.പരിപാടിക്ക് ടികെആർസി കോർഡിനേറ്റർ ലിമ സുനിൽ, ടികെആർസി ട്രെയ്നിങ് കോർഡിനേറ്റർ റോക്കി രാജു, ബേബി മേഴ്സി എന്നിവർ നേതൃത്വം നൽകി. സിസ്റ്റർ മേഴ്സി മാത്യു, മജു വർഗീസ് എന്നിവരും പങ്കെടുത്തു. കുട്ടികളുടെ വ്യക്തിത്വ വികാസത്തിനും മാനസിക വളർച്ചയ്ക്കും ഉതകുന്ന ഇത്തരം മാതൃകാപരമായ തുടർ പരിപാടികൾ വരുംനാളുകളിലും സംഘടിപ്പിക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു.

ഉഴമലയ്ക്കൽ പഞ്ചായത്തിൽ തയ്യാറാക്കിയ ജല ബജറ്റ് പുസ്തകം പഞ്ചായത്ത് പ്രസിഡന്റ് എം.എ. കാസിം ഏറ്റുവാങ്ങുന്നു.

ജല ബജറ്റുമായി ഉഴമലയ്ക്കൽ പഞ്ചായത്ത്

നെടുമങ്ങാട്: ഒരു പ്രദേശത്തെ ജല ലഭ്യതയും അതിന്റെ സുസ്ഥിരതയും വിശകലനം ചെയ്തു ജല സുരക്ഷ ഉറപ്പാക്കുന്നതിനുള്ള ശാസ്ത്രീയ അടിത്തറയായ ജല ബജറ്റ് ഉഴമലയ്ക്കൽ പഞ്ചായത്തിൽ തയ്യാറാക്കി.

പ്രദേശത്തു ശേഖരിക്കപ്പെടുന്ന ജല അളവിൽ വരുന്ന വ്യത്യാസം അവിടേക്കു ഒഴുകിയെത്തുകയും അവിടെ നിന്നും ഒഴുകി പോകുകയും ചെയ്യുന്ന ജലത്തിന്റെ അളവിനെ ആശ്രയിച്ചാണ് തുലനം ചെയ്യുന്നത്. ജലത്തിന്റെ ലഭ്യത, വിനിയോഗം തുടങ്ങിയവ വിലയിരുത്താൻ ഉപയോഗിക്കാവുന്ന ശാസ്ത്രീയ ഉപാധിയാണ് ജല ബഡ്ജറ്റ്.

ഉഴമലയ്ക്കൽ പഞ്ചായത്ത് ജല ബഡ്ജറ്റ് പുസ്തകം പ്രസിഡന്റ് അഡ്വ. എം. എ കാസിം ഏറ്റു വാങ്ങി. വൈസ് പ്രസിഡന്റ് എസ്. ഷീജ അധ്യക്ഷയായി. സ്ഥിരം സമിതി ചെയർ പേർസൺമാരായ എം.എസ്. അഖിലേഷ്, ഒ.എസ്. ലത, ഡി. ആന്റണി, സെക്രട്ടറി ഷിബു പ്രണബ്, മുൻ സെക്രട്ടറി ടി. സന്തോഷ് കുമാർ, ത്രേസ്യാമ്മ, പഞ്ചായത്ത് അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

ഡ്രൈഡേയിൽ ബിയർ കച്ചവടം; 257 ലിറ്റർ ബിയർ എക്സൈസ് പിടികൂടി

വിഴിഞ്ഞം: ഡ്രൈ ഡേയിൽ അനധികൃത ബിയർ കച്ചവടം നടത്തിയ ബീയർ പാർലറിൽ നിന്ന് 257 ലീറ്റർ ബിയർ എക്സൈസ് സംഘം പിടികൂടി. ഹവ്വാ ബീച്ചിനു സമീപത്തെ മറൈൻ പാലസ് ഹോട്ടലിനോട് അനുബന്ധിച്ച ബിയർ പാലർലറിൽ നിന്നാണ് ബീയർ പിടികൂടിയതെന്ന് എക്സൈസ് സ്പെഷൽ സ്ക്വാഡ് സർക്കിൾ ഇൻസ്പെക്ടർ വി.ആർ. ഹിരോഷ് പറഞ്ഞു. ലൈസൻസ് നിബന്ധന ലംഘനത്തിന് സ്ഥാപനത്തിന് എതിരെ കേസ് എടുത്തു. ഡ്രൈ ഡേ ദിനത്തിൽ ബീയർ പാർലറിൽ നിന്നു വൻ തോതിൽ കച്ചവടം നടക്കുന്നു എന്ന രഹസ്യ വിവരത്തെ തുടർന്ന് എക്സൈസ് സ്പെഷൽ സ്ക്വാഡ് മഫ്തിയിൽ എത്തി 5 കുപ്പി ബീയർ വാങ്ങി. പാർലറിനു പുറത്ത് മതിൽ വഴിയുള്ള കച്ചവടം ഇരട്ടി രൂപയ്ക്കായിരുന്നു എന്നും എക്സൈസ് അധികൃതർ പറഞ്ഞു. 396 കുപ്പി ബീയറാണ് പിടിച്ചെടുത്തത്. സർക്കിൾ ഇൻസ്പെക്ടറെ കൂടാതെ പ്രിവന്റീവ് ഓഫിസർമാരായ ആർ.എസ്.രഞ്ജിത്ത്, എൻ.പി. കൃഷ്ണകുമാർ, എം.വിശാഖ്, സിവിൽ എക്സൈസ് ഓഫിസർമാരായ ആരോമൽ രാജൻ, ജി.യു. ഗോകുൽ, ജി. ഹരിപ്രസാദ്, വി.എസ്. ശരൺകുമാർ, വൈ. അഭിജിത്ത്, അക്ഷയ് അനിൽ ശ്രീ എന്നിവർ ഉൾപ്പെട്ട സംഘമാണ് ബീയർ പിടികൂടിയത്.

മരുന്ന് വാങ്ങാൻ പോയ വീട്ടമ്മയ്ക്ക് നായയുടെ കടിയേറ്റു

ബേബിയുടെ കാലിൽ നായയുടെ കടിയേറ്റപ്പോൾ.

വെള്ളറട: ചെമ്പൂർ സർക്കാർ ആശുപത്രിയിൽ മരുന്ന് വാങ്ങാൻ പോയ വീട്ടമ്മയ്ക്ക് നായയുടെ കടിയേറ്റ് ആശുപത്രിയിൽ ചികിത്സ തേടി. വാഴിച്ചൽ പാണ്ടിമാം പാറ റോഡരികത്തു വീട്ടിൽ ബേബി (68)നാണ് നായയുടെ കടിയേറ്റത്. മരുന്നു വാങ്ങുന്നതിനു മുന്നേ തന്നെ ആശുപത്രി പരിസരത്തു നിന്നും നായ കടിച്ചു.

തുടർന്ന് ചികിത്സയ്ക്കായി ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പ്രാഥമിക ചികിത്സ നൽകിയ ശേഷം നെയ്യാറ്റിൻകര താലൂക്ക് ആശുപത്രിയിലേക്ക് മാറ്റി. കൂടാതെ ബേബിയെ കടിച്ച തെരുവ് നായ തന്നെ ചെമ്പൂർ ജംഗ്ഷനിൽ വച്ച് രണ്ടു പേരെയും കടിച്ചു. അവരും നെയ്യാറ്റിൻകര താലൂക്ക് ആശുപത്രിയിൽ ചികിത്സ തേടി. ചെമ്പൂരിലും പരിസരപ്രദേശങ്ങളിലും തെരുവ് നായ്ക്കളുടെ ശല്യം വർധിച്ചതായാണ് പരാതി. കൂടുതലായും മാർക്കറ്റ് കേന്ദ്രീകരിച്ചും അറവുശാലകൾ കേന്ദ്രീകരിച്ചുമാണ് നായകളുടെ വിളയാട്ടം. അടിയന്തരമായി അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായകളെ പിടികൂടി പ്രദേശത്തുനിന്നും മാറ്റി സുരക്ഷ ഉറപ്പാക്കണമെന്നുള്ളതാണ് പ്രദേശവാസികൾ ആവശ്യപ്പെടുന്നത്.

ശ്രീനാരായണ ദിവ്യ പ്രബോധനവും ധ്യാനവും

ഗിവഗിരി: ശിവഗിരി മഠത്തിന്റെ ശാഖയായ വൈക്കം ഉദയനാപുരം ശ്രീനാരായണ കേന്ദ്രത്തിൽ 4, 5, 6 തീയതികളിലായി ശ്രീനാരായണ ദിവ്യ പ്രബോധനവും ധ്യാനവും നടക്കും.

ശിവഗിരി മഠം പ്രസിഡന്റ് സച്ചിദാനന്ദ സ്വാമിയുടെ മുഖ്യ കാർമികത്വത്തിൽ ഗുരുധർമ്മ പ്രചാരണ സഭ കോട്ടയം ജില്ലാ കമ്മിറ്റിയുടെ സഹകരണത്തോടെ നടത്തപ്പെടുന്ന ധ്യാന യജ്ഞത്തിൽ ഗുരുദേവ കൃതികളുടെ പശ്ചാത്തലത്തിൽ, ഗുരുവിന്റെ ജീവിതവും തത്വ ദർശനവും പ്രബോധന വിഷയമായിരിക്കും. ദിവസവും രാവിലെ 8 മുതൽ വൈകുന്നേരം 5 വരെ നടക്കുന്ന ധ്യാനകർമ്മത്തിൽ ജാതി മത ഭേദമന്യേ ആർക്കും പങ്കെടുക്കാം. പ്രത്യേക രജിസ്ട്രേഷനോ ഫീസോ ആവശ്യമുള്ളതല്ല. ഗുരുധർമ്മ പ്രചരണ സഭ സെക്രട്ടറി അസംഗാനന്ദ ഗിരി സ്വാമികൾ, ജ്ഞാനതീർത്ഥ സ്വാമി സഭാ ജില്ലാ പ്രസിഡന്റ് സലിംകുമാർ, ജില്ലാ സെക്രട്ടറി സി. എം. വിജയൻ തുടങ്ങിയവർ പ്രസംഗിക്കും. ആശ്രമം ചാർജ് സ്വാമിനി ആര്യനന്ദാദേവി, ചെയർമാൻ ബാബുറാം, ജനറൽ കൺവീനർ കമലാസനൻ തുടങ്ങി 101 പേര് അടങ്ങിയ കമ്മിറ്റിയാണ് ധ്യാന യജ്ഞത്തിന്റെ ചുമതല വഹിക്കുന്നത് വിശദ വിവരത്തിന്: 9387496827, 9447808908.

രക്തക്കറ നായയുടേത്; ആശങ്ക ഒഴിഞ്ഞു

നെടുമങ്ങാട്: കാനക്കുഴി ജംഗ്ഷന് സമീപം കണ്ടെത്തിയ രക്തക്കറകൾ വളർത്തുനായയുടേതാണെന്ന് പൊലീസ് അന്വേഷണത്തിൽ വ്യക്തമായി. നായകൾ തമ്മിൽ കടികൂടിയതിനെ തുടർന്ന് പരുക്കേറ്റ നായയുടെ രക്തമാണ് റോഡരികിൽ കണ്ടെത്തിയതെന്നും സമീപത്തെ സ്ഥാപനങ്ങളിലെ നിരീക്ഷണ ക്യാമറാ ദൃശ്യങ്ങളിൽ നിന്ന് വ്യക്തമായതായി പൊലീസ് അറിയിച്ചു. രക്തക്കറകൾ കണ്ടെത്തിയ സംഭവം ആദ്യം നാട്ടുകാരിൽ ആശങ്ക സൃഷ്ടിച്ചിരുന്നു. രക്തം കൂടുതലായി റോഡരികിലെ ഇടവഴിയിലാണ് കണ്ടെത്തിയത്. തുടർന്ന് തുള്ളികളായി ഏകദേശം നൂറ് മീറ്ററോളം ദൂരത്തും രക്തക്കറകൾ കാണപ്പെട്ടിരുന്നു. സംഭവത്തിൽ ആര്യനാട് പൊലീസ് അന്വേഷണം ആരംഭിച്ചിരുന്നു. എസ്ഐ അരുൺ, എഎസ്ഐ. സുരേഷ് എന്നിവരുടെ നേതൃത്വത്തിലാണ് അന്വേഷണം നടത്തിയത്. സമീപപ്രദേശങ്ങളിലെ സ്ഥാപനങ്ങളിലെ നിരീക്ഷണ ക്യാമറാ ദൃശ്യങ്ങളും പൊലീസ് പരിശോധിച്ചു.പുലർച്ചെ നായകളുടെ കുരച്ചിൽ കേട്ടതായി പ്രദേശവാസികൾ അറിയിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലും പൊലീസ് അന്വേഷണം നടത്തി. ഇതിനൊടുവിൽ നായകൾ തമ്മിൽ കടികൂടിയതിനെ തുടർന്ന് പരുക്കേറ്റ വളർത്തുനായയുടെ രക്തമാണ് റോഡിലും സമീപ പ്രദേശത്തും വീണതെന്ന് വ്യക്തമായി. ആര്യനാട് സ്വദേശിയും വർക്ക്ഷോപ്പ് തൊഴിലാളിയുമായ അനിൽകുമാറിന്റെ വളർത്തുനായയ്ക്കാണ് പരുക്കേറ്റത്. നായയുടെ കഴുത്തിൽ പരുക്കേറ്റിരുന്നുവെന്ന് അനിൽകുമാർ അറിയിച്ചു. നായകൾ തമ്മിൽ കടികൂടിയപ്പോഴാണ് പരിക്കേറ്റതെന്നാണ് ലഭ്യമായ വിവരമെന്നും നിരീക്ഷണ ക്യാമറാ ദൃശ്യങ്ങളിൽ നിന്നും ഇത് വ്യക്തമായതായും പൊലീസ് അന്വേഷണത്തിൽ കണ്ടെത്തി. ആദ്യഘട്ടത്തിൽ രക്തക്കറകളുടെ ഉറവിടത്തെക്കുറിച്ച് വ്യക്തതയില്ലാതിരുന്നതിനാൽ പ്രദേശവാസികളിൽ ആശങ്കയുണ്ടായിരുന്നു. എന്നാൽ വിശദമായ പരിശോധനയ്ക്കും നിരീക്ഷണ ക്യാമറാ ദൃശ്യങ്ങൾ പരിശോധിച്ചതിനും പിന്നാലെ രക്തം വളർത്തുനായയുടേതാണെന്ന് വ്യക്തമായതോടെ ആശങ്കയ്ക്ക് വിരാമമായി.

വാർഷിക കൗൺസിൽ യോഗം

പാറശാല: കേരള സംസ്ഥാന ഭാരത് സ്കൗട്ട്സ് ആൻഡ് ഗൈഡ്സിന്റെ നെയ്യാറ്റിൻകര വിദ്യാഭ്യാസ ജില്ലാ വാർഷിക കൗൺസിൽ യോഗം സംഘടിപ്പിച്ചു. നെയ്യാറ്റിൻകര വിദ്യാഭ്യാസ ഓഫീസറും ജില്ലാ ചീഫ് കമ്മീഷണറുമായ ഷിബു പ്രേംലാൽ യോഗം ഉദ്ഘാടനം ചെയ്തു. നെയ്യാറ്റിൻകര നഗരസഭാ ചെയർപേഴ്സണും കെഎസ്ബിഎസ്ജി. ജില്ലാ വൈസ് പ്രസിഡന്റുമായ ഡബ്ല്യു.ആർ. ഹീബ അധ്യക്ഷത വഹിച്ചു. തുടർന്ന് നടന്ന തിരഞ്ഞെടുപ്പിൽ ജില്ലാ പ്രസിഡന്റായി ഡബ്ല്യു. ആർ. ഹീബ (ചെയർപേഴ്സൺ, നെയ്യാറ്റിൻകര നഗരസഭ), ജില്ലാ സെക്രട്ടറിയായി സ്റ്റാൻലി ജോൺ (സെന്റ് തോമസ് എച്ച്എസ്എസ്., അമ്പൂരി), ട്രഷററായി ബിജുകുമാർ എസ്. (ഗവൺമെന്റ് ഗേൾസ് എച്ച്എസ്എസ്., മലയിൻകീഴ്) എന്നിവരെ തിരഞ്ഞെടുത്തു. നെയ്യാറ്റിൻകര വിദ്യാഭ്യാസ ജില്ലയിലെ സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വിദ്യാർത്ഥികളിൽ അച്ചടക്കം, നേതൃത്വഗുണം, സേവനമനോഭാവം, വ്യക്തിത്വ വികസനം എന്നിവ വളർത്തുന്നതിനുമായി കൂടുതൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ യോഗം തീരുമാനിച്ചു.

HDB FINANCIAL SERVICES

എച്ച്ഡിബി ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ്

രജിസ്റ്റേർഡ് ഓഫിസ്: രാധിക, രണ്ടാം നില, ലോ ഗാർഡൻ റോഡ്, നവരംഗ്പുര, അഹമ്മദാബാദ് - 09., ബ്രാഞ്ച് ഓഫിസ്: എച്ച്ഡിബി ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ്, മൂന്നാം നില, ന്യൂ ജ്യോതി ടവേഴ്സ്, പി.ടി.സി. ടവറിന് സമീപം, എസ്.എസ്. കോവിൽ റോഡ്, തമ്പാനൂർ, തിരുവനന്തപുരം - 695001

ലേല വിൽപ്പന നോട്ടീസ്, ഇ-ലേല വിൽപ്പന നോട്ടീസ്

(വായ്പ്പക്കാരൻ/സഹവായ്പ്പക്കാരൻ/പൊതുജനങ്ങൾ എന്നിവർക്കായി) (2002 സർഫേസി ആക്റ്റിലെ റൂൾ 8(6), കീഴിൽ, റൂൾ 9(1) ഒപ്പം വായിക്കുക.

സെക്യൂരിറ്റൈസേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇൻട്രെസ്റ്റ് ആക്റ്റ്, 2002-ലെ റൂൾ 9(1) പ്രകാരം, സെക്യൂരിറ്റി ഇൻട്രസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ്, 2002-ഉം അനുബന്ധ നിയമങ്ങളും അനുസരിച്ച്, ജപ്തി ചെയ്ത വസ്തുവിന്റെ ഇ-ലേല വിൽപ്പന സംബന്ധിച്ച പൊതു അറിയിപ്പ്.

സെക്യൂരിറ്റൈസേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇൻട്രസ്റ്റ് ആക്റ്റ് 2002 പ്രകാരം, എച്ച്ഡിബി ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡിന്റെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, താഴെ പറയുന്ന ലോൺ അക്കൗണ്ടിന്റെ ഭാഗമായി സെക്യുവേർഡ് ക്രെഡിറ്റർക്ക് ഈടായി നൽകിയിട്ടുള്ളതും, ഇപ്പോൾ ഏറ്റെടുത്തിട്ടുള്ളതുമായ സ്ഥാവര വസ്തുവകകൾ 'എവിടെയാണോ, അവിടെ അതേപടി', 'എന്താണോ, അത് അതേപടി' എന്ന വ്യവസ്ഥയിൽ വിൽക്കുന്നതിനുള്ള അവകാശം കമ്പനിക്കുണ്ട്. ആയതിനാൽ, പൊതുജനങ്ങൾക്കായി ഒരു അറിയിപ്പ് നൽകുന്നു. https://www.bankeauctions.com എന്ന വെബ്സൈറ്റ് വഴി ഞങ്ങൾ ഒരു പൊതു ഇ-ലേലം നടത്താൻ പോകുന്നു. ഇത് പൊതുജനങ്ങളെ അറിയിക്കുന്നതിനായിട്ടുള്ളതാണ്.

[A]	[B]	[C]	[D]	[E]	[F]	[G]
S. No.	അക്കൗണ്ട് നമ്പർ & വായ്പ്പക്കാരന്റെ, സഹ വായ്പ്പക്കാരന്റെയും മോർട്ട്ഗേജറുടെയും പേര്	ആകെ കുടിശിക തുക	വസ്തുവിന്റെ/വസ്തുക്കളുടെ വിശദാംശങ്ങൾ	റിസർവ് തുക നിരതദ്രവ്യ നിക്ഷേപം ബിഡ് വർധന തുക (രൂപയിൽ)	ലേലത്തിയതിയും സമയവും ഇഎംഡി സമർപ്പിക്കേണ്ട അവസാന തിയതി	ജപ്തിയുടെ തരം
1	Account No. 8111769, 14026927 1) എ ഇ ഹാർഡ്‌വെയർ, എ ഇ ഹാർഡ്‌വെയർ PP/Viii/526-G, പനവൂർ പനവൂർ പി ഒ പനവൂർ, നെടുമങ്ങാട് തിരുവനന്തപുരം-695568 കേരളം. (2) അനീസ എസ്, ഫാത്തിമ മൻസിൽ തൊളിക്കോട് തൊളിക്കോട് തിരുവനന്തപുരം തിരുവനന്തപുരം-695542 കേരളം, (3) ഇർഷാദ് എം, ഫാത്തിമ ബിൽഡിംഗ് തൊളിക്കോട് തിരുവനന്തപുരം തിരുവനന്തപുരം-695542 കേരളം	Outstanding Due for the loan account No. 8111769 Rs: 1,502,932.87/- and loan account No.14026927 Rs: 232,566/-, Totalling Rs: 1735498.87/- (പതിനേഴ് ലക്ഷത്തി മുപ്പത്തയ്യായിരത്തി നാന്നൂറ്റി തൊണ്ണൂറ്റിയെട്ട് രൂപ എൺപത്തിയേഴ് പൈസ മാത്രം), 19.06.2026 പ്രകാരം, തുടർന്ന് പൂർണമായ തിരിച്ചടവ് തിയതി വരെയുള്ള പലിശയും/ ആകസ്മിക ചെലവുകളും/ മറ്റു ചെലവുകളും.	സർവെ നമ്പർ 750/3/1/2 ലെ 5 സെന്റും സർവെ നമ്പർ 750/3/1/1/1 ലെ 5 സെന്റും കൂടി ആകെ 10 സെന്റ് വരുന്ന വസ്തുവും തൊളിക്കോട് ഗ്രാമ പഞ്ചായത്തിലെ കെട്ടിടവും അതിലെ മറ്റ് വസ്തു വകകളും കൂട്ടിച്ചേർക്കലും നിർമാണങ്ങളും അവകാശങ്ങളും ഉൾപ്പടെ തൊളിക്കോട് വില്ലേജ്, വിതുര എസ്ആർഒ, നെടുമങ്ങാട് താലൂക്ക്, തിരുവനന്തപുരം ജില്ലയിലെ 06/04/2001ലെ 611/2001 നമ്പർ സെയിൽ ഡീഡിന്റെ ഷെഡ്യൂളിൽ ഇർഷാദ്, S/o മുഹമ്മദ് കുഞ്ഞ്, കെ കെ വീട്, തേവൻപാറ, തൊളിക്കോട്, ന്റെ പേരിൽ പൂർണ്ണമായി വിവരിച്ചിരിക്കുന്നു. അതിരുകൾ: വടക്ക്: നിസാറിന്റെ വസ്തു, തെക്ക്: ശംസുദ്ദീന്റെ വസ്തു, കിഴക്ക്: ഷംസുദ്ധീന്റെ വസ്തു, പടിഞ്ഞാറ്: റോഡ്.	Rs. 88,94,000/- Rs.8,89,400/- Rs.1,00,000/-	06/10/2026 at 11 a.m. to 12Noon, 05/10/2026 up to 06:00 p.m	ജപ്തി

1. ലോഗിൻ ഐഡിയും പാസ്‌വേഡും സൃഷ്ടിക്കുന്നതിനോ, വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിനോ, ബിഡ് രേഖകൾ സമർപ്പിക്കുന്നതിനോ, ഓൺലൈൻ 'ഇന്റർ-സെ ബിഡിംഗ്' സംബന്ധിച്ച പരിശീലനത്തിനോ ഡെമോൺസ്ട്രേഷനോ സഹായം ആവശ്യമുള്ള താൽപ്പര്യമുള്ള ബിഡ്ഡർമാർക്ക്..സി1 ഇന്ത്യ-യുമായി ബന്ധപ്പെടാവുന്നതാണ്: https://bankeauctions.com, support@bankeauctions.com, 91-7291981124/25/26, സി1 ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് ശ്രീ.ധരണി കൃഷ്ണ, ഇമെയിൽ ഐഡി - andhra@c1india.com; ഫോൺ നമ്പർ - 9948182222 പ്ലോട്ട് നമ്പർ-68, മൂന്നാം നില, സെക്ഷൻ-44, ഗുഡ്ഗാവ്, ഹരിയാന-122003. വസ്തുവിന്റെ പരിശോധനയ്ക്കും മറ്റ് വിശദാംശങ്ങൾക്കും, വാങ്ങാൻ ഉദ്ദേശിക്കുന്നയാൾ ബന്ധപ്പെടുക: രതീഷ് ബാബു ബിജി (9633508488), രാഹുൽ.എം (9633656085).
2. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർക്ക്, മാനേജർ, എച്ച്ഡിബി ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ്, മൂന്നാം നില, ന്യൂ ജ്യോതി ടവേഴ്സ്, പി.ടി.സി. ടവറിന് സമീപം, എസ്.എസ്. കോവിൽ റോഡ്, തമ്പാനൂർ, തിരുവനന്തപുരം - 695001 എന്ന വിലാസത്തിൽ നിന്ന് ടെണ്ടർ ഫോമുകൾ ലഭിക്കാവുന്നതാണ്.

തിയതി: 01.09.2026, സ്ഥലം: തിരുവനന്തപുരം
ഒപ്പ്/- അംഗീകൃത ഓഫിസർ, M/s.എച്ച്ഡിബി ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ്

HDB FINANCIAL SERVICES

എച്ച്ഡിബി ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ്

രജിസ്റ്റേർഡ് ഓഫിസ്: രാധിക, രണ്ടാം നില, ലോ ഗാർഡൻ റോഡ്, നവരംഗ്പുര, അഹമ്മദാബാദ് - 09., ബ്രാഞ്ച് ഓഫിസ്: എച്ച്ഡിബി ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ്, മൂന്നാം നില, ന്യൂ ജ്യോതി ടവേഴ്സ്, പി.ടി.സി. ടവറിന് സമീപം, എസ്.എസ്. കോവിൽ റോഡ്, തമ്പാനൂർ, തിരുവനന്തപുരം - 695001

ലേല വിൽപ്പന നോട്ടീസ്, ഇ-ലേല വിൽപ്പന നോട്ടീസ്

(വായ്പ്പക്കാരൻ/സഹവായ്പ്പക്കാരൻ/പൊതുജനങ്ങൾ എന്നിവർക്കായി) (2002 സർഫേസി ആക്റ്റിലെ റൂൾ 8(6), കീഴിൽ, റൂൾ 9(1) ഒപ്പം വായിക്കുക.

സെക്യൂരിറ്റൈസേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇൻട്രെസ്റ്റ് ആക്റ്റ്, 2002-ലെ റൂൾ 9(1) പ്രകാരം, സെക്യൂരിറ്റി ഇൻട്രസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ്, 2002-ഉം അനുബന്ധ നിയമങ്ങളും അനുസരിച്ച്, ജപ്തി ചെയ്ത വസ്തുവിന്റെ ഇ-ലേല വിൽപ്പന സംബന്ധിച്ച പൊതു അറിയിപ്പ്.

സെക്യൂരിറ്റൈസേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇൻട്രസ്റ്റ് ആക്റ്റ് 2002 പ്രകാരം, എച്ച്ഡിബി ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡിന്റെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, താഴെ പറയുന്ന ലോൺ അക്കൗണ്ടിന്റെ ഭാഗമായി സെക്യുവേർഡ് ക്രെഡിറ്റർക്ക് ഈടായി നൽകിയിട്ടുള്ളതും, ഇപ്പോൾ ഏറ്റെടുത്തിട്ടുള്ളതുമായ സ്ഥാവര വസ്തുവകകൾ 'എവിടെയാണോ, അവിടെ അതേപടി', 'എന്താണോ, അത് അതേപടി' എന്ന വ്യവസ്ഥയിൽ വിൽക്കുന്നതിനുള്ള അവകാശം കമ്പനിക്കുണ്ട്. ആയതിനാൽ, പൊതുജനങ്ങൾക്കായി ഒരു അറിയിപ്പ് നൽകുന്നു. https://www.bankeauctions.com എന്ന വെബ്സൈറ്റ് വഴി ഞങ്ങൾ ഒരു പൊതു ഇ-ലേലം നടത്താൻ പോകുന്നു. ഇത് പൊതുജനങ്ങളെ അറിയിക്കുന്നതിനായിട്ടുള്ളതാണ്.

[A]	[B]	[C]	[D]	[E]	[F]	[G]
S. No.	അക്കൗണ്ട് നമ്പർ & വായ്പ്പക്കാരന്റെ, സഹ വായ്പ്പക്കാരന്റെയും മോർട്ട്ഗേജറുടെയും പേര്	ആകെ കുടിശിക തുക	വസ്തുവിന്റെ/വസ്തുക്കളുടെ വിശദാംശങ്ങൾ	റിസർവ് തുക നിരതദ്രവ്യ നിക്ഷേപം ബിഡ് വർധന തുക (രൂപയിൽ)	ലേലത്തിയതിയും സമയവും ഇഎംഡി സമർപ്പിക്കേണ്ട അവസാന തിയതി	ജപ്തിയുടെ തരം
1	Account No. 35787669 (1) സൊല്യൂഷൻ പോയിന്റ്, സൊല്യൂഷൻ പോയിന്റ് 1, സംഗീത സ്ക്വയർ, വെള്ളനാട് തിരുവനന്തപുരം തിരുവനന്തപുരം-695564 കേരളം, (2) ദേവിക പി നായർ, രാഹുൽ ഭവൻ വെമ്പന്നൂർ, അരുവിക്കര പിഒ തിരുവനന്തപുരം-695564 കേരളം, (3) രാഹുൽ ജി.ആർ, രാഹുൽ ഭവൻ വെമ്പന്നൂർ, അരുവിക്കര പിഒ തിരുവനന്തപുരം-695564 കേരളം, (4) ഗിരിജ കെ, രാഹുൽ ഭവൻ വെമ്പന്നൂർ, അരുവിക്കര പിഒ തിരുവനന്തപുരം-695564 കേരളം, (5) കെ.രവീന്ദ്രൻ നായർ, രാഹുൽഭവൻ വെമ്പന്നൂർ, അരുവിക്കര പിഒ തിരുവനന്തപുരം-695564 കേരളം.	Outstanding Due for the loan account No. 35787669 Rs.2,402,403.83/- (ഇരുപത്തിനാല് ലക്ഷത്തി രണ്ടായിരത്തി നാന്നൂറ്റി മൂന്ന് രൂപ എൺപത്തിമൂന്ന് പൈസ മാത്രം), 19.06.2026 പ്രകാരം, തുടർന്ന് പൂർണമായ തിരിച്ചടവ് തിയതി വരെയുള്ള പലിശയും/ ആകസ്മിക ചെലവുകളും/ മറ്റു ചെലവുകളും.	ബ്ലോക്ക് നമ്പർ 41 ലെ, റീ സർവെ നമ്പർ 264/7/1 ൽ, പഴയ സർവെ നമ്പർ 2002/1/2 ൽ, ടിപി നമ്പർ 16076 ൽ 04.80 ആഴ്സ് വരുന്ന വസ്തുവും അരുവിക്കര ഗ്രാമപഞ്ചായത്തിലെ 7/228 വരുന്ന കെട്ടിടവും അതിലെ മറ്റ് വസ്തു വകകളും കൂട്ടിച്ചേർക്കലും എല്ലാം ഉൾപ്പടെ അരുവിക്കര വില്ലേജ് ഓഫിസ്, വെള്ളനാട് സബ് രജിസ്ട്രാർ ഓഫിസ്, നെടുമങ്ങാട് താലൂക്ക്, തിരുവനന്തപുരം ജില്ലയിൽ ഗിരിജ, D/o കമലാക്ഷി അമ്മ, സെയിൽ ഡീഡ് നമ്പർ.1399/2005 യിലെ 11/08/2023 എംഒഡിടി പ്രകാരം. 02.23 ആഴ്സ് വിസ്തൃതി വരുന്ന വസ്തുവിന്റെ അതിരുകൾ: വടക്ക്: ശൈലജയുടെ വസ്തു, തെക്ക്: റോഡ്, കിഴക്ക്: രാജേന്ദ്രന്റെയും വിജയകുമാരിയുടെയും വക വസ്തു, പടിഞ്ഞാറ്: ബാലചന്ദ്രൻ നായരുടെയും സുരേന്ദ്രന്റെയും വക വസ്തു.	Rs. 33,37,416/- Rs.3,33,741/- Rs.1,00,000/-	06/10/2026 at 11 a.m. to 12Noon, 05/10/2026 up to 06:00 p.m	ജപ്തി

1. ലോഗിൻ ഐഡിയും പാസ്‌വേഡും സൃഷ്ടിക്കുന്നതിനോ, വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിനോ, ബിഡ് രേഖകൾ സമർപ്പിക്കുന്നതിനോ, ഓൺലൈൻ 'ഇന്റർ-സെ ബിഡിംഗ്' സംബന്ധിച്ച പരിശീലനത്തിനോ ഡെമോൺസ്ട്രേഷനോ സഹായം ആവശ്യമുള്ള താൽപ്പര്യമുള്ള ബിഡ്ഡർമാർക്ക്..സി1 ഇന്ത്യ-യുമായി ബന്ധപ്പെടാവുന്നതാണ്: https://bankeauctions.com, support@bankeauctions.com, 91-7291981124/25/26, സി1 ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് ശ്രീ.ധരണി കൃഷ്ണ, ഇമെയിൽ ഐഡി - andhra@c1india.com; ഫോൺ നമ്പർ - 9948182222 പ്ലോട്ട് നമ്പർ-68, മൂന്നാം നില, സെക്ഷൻ-44, ഗുഡ്ഗാവ്, ഹരിയാന-122003. വസ്തുവിന്റെ പരിശോധനയ്ക്കും മറ്റ് വിശദാംശങ്ങൾക്കും, വാങ്ങാൻ ഉദ്ദേശിക്കുന്നയാൾ ബന്ധപ്പെടുക: രതീഷ് ബാബു ബിജി (9633508488), രാഹുൽ.എം (9633656085).
2. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർക്ക്, മാനേജർ, എച്ച്ഡിബി ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ്, മൂന്നാം നില, ന്യൂ ജ്യോതി ടവേഴ്സ്, പി.ടി.സി. ടവറിന് സമീപം, എസ്.എസ്. കോവിൽ റോഡ്, തമ്പാനൂർ, തിരുവനന്തപുരം - 695001 എന്ന വിലാസത്തിൽ നിന്ന് ടെണ്ടർ ഫോമുകൾ ലഭിക്കാവുന്നതാണ്.

തിയതി: 01.09.2026, സ്ഥലം: തിരുവനന്തപുരം
ഒപ്പ്/- അംഗീകൃത ഓഫിസർ, M/s.എച്ച്ഡിബി ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ്